നടത്തുകയും ചെയ്തു. ശ്രീ. ജോണി നെല്ലൂർ എം.എൽ.എ.യുടെ വലതുകാലിൽ പെരുവിരലിന് ചതവുപറ്റിയതായും അറിവായിട്ടുണ്ട്. പ്രകടനക്കാരുടെ ബലപ്രയോഗത്തിന്റെ ഫലമായി മ്യൂസിയം, കന്റോൺമെന്റ് സർക്കിൾ ഇൻസ്പെക്ടർമാർക്കും, മ്യൂസിയം സബ് ഇൻസ്പെക്ടർക്കും 4 പോലീസ് കോൺസ്റ്റബിൾമാർക്കും പരിക്കുപറ്റുകയും അവരെ തിരുവനന്തപുരം ജനറലാശുപത്രിയിൽ ചികിത്സിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്&ജി) 7-2-2000-ത്തിലെ കൊല്ലം സംഭവത്തിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ഐ.പി.സി, 143, 147, 148, 332, 326, 149 എന്നീ വകുപ്പുകൾ പ്രകാരവും പി.ഡി.പി.പി. ആക്ട് സെക്ഷൻ 3(2) (സി) പ്രകാരവും കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 115/2000 ആയി കേസ് എടുത്തിട്ടുണ്ട്.

(എച്ച്&ഐ) വിവിധ രാഷ്ട്രീയ കക്ഷികളുടെ അഭ്യർത്ഥനയെ മാനിച്ച് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. പി. നാരായണൻ നായരെ, കൊല്ലത്ത് 19-1-2000-ത്തിന് എ.ഐ.എസ്.എഫ് പ്രവർത്തകരുടെ മാർച്ചിന് നേരെയും 7-2-2000-ത്തിന് യൂത്ത് കോൺഗ്രസ് മാർച്ചിന് നേരെയും പോലീസ് നടത്തിയതായി ആരോപിക്കപ്പെടുന്ന ബലപ്രയോഗത്തെക്കുറിച്ചും അന്വേഷിക്കാൻ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

കൊല്ലം എസ്. എൻ. കോളേജിലെ സമരം

11(*5) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്. എൻ കോളേജിന് സംരക്ഷണം നൽകുവാൻ ഹൈക്കോടതി നിർദ്ദേശം ഉണ്ടായിരുന്നുവോ ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ആയിരുന്നു ഹൈക്കോടതി നൽകിയത് ;

(ബി) കൊല്ലം. എസ്. എൻ. കോളേജ് പ്രിൻസിപ്പാളിനെ മണിക്കൂറുകളോളം ബന്ദിയാക്കി വച്ച് നിർബന്ധപൂർവ്വം കരാറിൽ ഒപ്പിടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എസ്.എഫ്.ഐ, സി.പി.എം. പ്രവർത്തകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; കേസിലെ പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രിൻസിപ്പാളിനെ മോചിപ്പിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും പോലീസ് സ്വീകരിച്ചില്ല എന്ന എസ്.എൻ.ഡി.പി യോഗം നേതാക്കളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രിൻസിപ്പാളിനെ മോചിപ്പിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറും ജില്ലാ ഭരണകൂടവും നിഷ്ക്രിയത്വം പാലിക്കുകയും അക്രമികളെ സഹായിക്കുകയും ചെയ്യുന്ന നിലപാട് സ്വീകരിക്കുകയുണ്ടായി എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കൊല്ലം ജില്ലാ കളക്ടർക്കും പോലീസ് സൂപ്രണ്ടിനും എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഹൈക്കോടതി വിധി ലംഘിക്കുകയും പോലീസിനെ ആക്രമിക്കുകയും ചെയ്ത പ്രതികൾക്ക് എതിരെ ലഘുവായ കുറ്റങ്ങൾക്കാണ് കേസെടുത്തത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) പോലീസിനെ ആക്രമിച്ച് പരിക്ക് ഏൽപിച്ച പ്രതികളെ പോലീസ് തന്നെ ജാമ്യത്തിൽ വിടുവാൻ ഇടയായ സാഹചര്യം എന്ത് എന്ന് വ്യക്തമാക്കാമോ ;

(എച്ച്) കൊല്ലം എസ്.എൻ. കോളേജ് സമരം അവസാനിപ്പിക്കുന്നതിൽ ഗവൺമെന്റ് വഹിച്ച പങ്കിനെ സംബന്ധിച്ച വിശദാംശം നൽകാമോ ; സന്ധി സംഭാഷണത്തിൽ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഏതൊക്കെ ഉദ്യോഗസ്ഥരെ നിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഐ) പ്രിൻസിപ്പളിനെക്കൊണ്ട് കരാറിൽ ബലമായി ഒപ്പു വയ്പിക്കുമ്പോൾ എം.എൽ.എ.മാരോ എം.പി.മാരോ ഉണ്ടായിരുന്നോ ; ഉണ്ടായിരുന്നെങ്കിൽ അവർ ആരെല്ലാം, ഇവർക്കെതിരെ പോലീസ് എന്തെങ്കിലും കേസെടുത്തിട്ടുണ്ടോ ;

(ജെ) ഒത്തുതീർപ്പ് വ്യവസ്ഥകൾ തന്നെ ഭീക്ഷണിപ്പെടുത്തി ഒപ്പിടുവിച്ചതാണെന്ന പ്രിൻസിപ്പാളിന്റെ ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(കെ) സമരത്തോടനുബന്ധിച്ച് പ്രിൻസിപ്പളിനെ ഘെരാവോ ചെയ്ത വിദ്യാർത്ഥികളെ പോലീസ് അറസ്റ്റുചെയ്തു നീക്കിയിരുന്നോ ; എങ്കിൽ എത്രപേരെ അറസ്റ്റു ചെയ്തു എന്നും അത് എന്നായിരുന്നു എന്നും വെളിപ്പെടുത്തുമോ ; എസ്.എൻ. കോളേജിൽ നടന്നുവന്ന സമരം ഒത്തുതീർപ്പാക്കിയിട്ടുണ്ടോ ;

(എൽ) എസ്.എൻ. കോളേജ് സമരവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ആർക്കെല്ലാമെതിരായി എടുത്തിട്ടുണ്ട് ;

(എം) കൊല്ലം എസ്.എൻ.കോളേജ് സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ,

(എ) കൊല്ലം എസ്.എൻ. കോളേജിന് സംരക്ഷണം നൽകുവാൻ ഹൈക്കോടതി നിർദ്ദേശം ഉണ്ടായിരുന്നു. കൊല്ലം എസ്.എൻ. കോളേജിനും, കോളേജ് കെട്ടിടത്തിനും കേടുപാടുകൾ ഉണ്ടാകാൻ പാടില്ല, കോളേജിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം നൽകുക, കോളേജ് ഗേറ്റിന് 50 മീറ്റർ ചുറ്റളവിൽ പ്രകടനം നടത്തുവാൻ അനുവദിക്കരുത്, ആയുധങ്ങളുമായി ആരും തന്നെ കോളേജിനുള്ളിൽ കടക്കരുത്, കോളേജ് പ്രിൻസിപ്പാളും വിദ്യാർത്ഥികളും, അദ്ധ്യാപകരും, അദ്ധ്യാപകേതര ജീവനക്കാരും ഒഴികെ ആരും കോളേജിനുള്ളിൽ പ്രവേശിക്കരുത് എന്നിവയായിരുന്നു ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ.

(ബി&സി) കൊല്ലം എസ്.എൻ. കോളേജ് പ്രിൻസിപ്പാളിന്റെ മുറിയുടെ മുന്നിൽ വിദ്യാർത്ഥികൾ കുത്തിയിരിപ്പു സമരം നടത്തിയിരുന്നു. പ്രിൻസിപ്പാളും വിദ്യാർത്ഥികളും തമ്മിലുണ്ടാക്കിയ ധാരണ കോളേജിന്റെ നന്മക്കുവേണ്ടിയാണ് എന്ന് പ്രിൻസിപ്പാൾ പത്രലേഖകരോട് പറഞ്ഞിട്ടുണ്ട്. അനുരജ്ഞന ചർച്ചയിലുണ്ടായ ധാരണ പിന്നീട് കോളേജ് കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കോളേജ് പ്രിൻസിപ്പാളിന്റെ മുറിക്കു മുന്നിൽ കുത്തിയിരിപ്പ് നടത്തിയവർക്കെതിരായി കൊല്ലം ഈസ്റ്റ് പോലീസ് ക്രൈം 99/ 2000 ആയി ഐ.പി.സി വകുപ്പുകൾ 143,147,342,188,149 കൂട്ടി വായിച്ചത് പ്രകാരം അന്വേഷണം നടത്തിവരുന്നു.

(ഡി) എസ്.എൻ.ഡി.പി യോഗം നേതാക്കളുടെ പരാതി ഒന്നും ലഭിച്ചതായി കാണുന്നില്ല.

(ഇ) ഇതു സംബന്ധിച്ച് കൊല്ലം എസ്.എൻ. കോളേജ് പ്രിൻസിപ്പാൾ ഫയൽ ചെയ്ത കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(എഫ്&ജി) ഇക്കാര്യത്തിൽ നിയമാനുസൃതമായ വകുപ്പുകൾ പ്രകാരം തന്നെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നടപടികൾ സ്വീകരിച്ചിട്ടുള്ളതും.

(എച്ച്) കൊല്ലം എസ്.എൻ. കോളേജ് സമരം അവസാനിപ്പിക്കുന്നതിനു വേണ്ടി വിവിധ ഘട്ടങ്ങളിൽ വിദ്യാഭ്യാസ മന്ത്രി ഇടപെട്ടുകൊണ്ട് ചർച്ചകളും കൂടിയാലോചനകളും നടത്തിയിട്ടുണ്ട്.

(ഐ) പ്രിൻസിപ്പളിനെക്കൊണ്ട് ബലമായി കരാർ ഒപ്പുവയ്പിച്ചിട്ടില്ല. അനുരജ്ജന സംഭാഷണത്തെത്തുടർന്ന് ഒരു ധാരണാപത്രമാണ് ഒപ്പിട്ടത്. ഒപ്പിടുമ്പോൾ ശ്രീ.പി. രാജേന്ദ്രൻ എം.പി.യും ശ്രീമതി മെഴ്സിക്കുട്ടി അമ്മ എം.എൽ.എ.യും ഉണ്ടായിരുന്നു.

(ജെ) പ്രിൻസിപ്പൽ ഫയൽ ചെയ്ത ഒ.പി ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(കെ) സമരം ചെയ്ത വിദ്യാർത്ഥികൾ പ്രിൻസിപ്പാളിന്റെ മുറിക്കുമുന്നിൽ കുത്തിയിരിപ്പു സത്യാഗ്രഹം നടത്തുകയുണ്ടായി. കുത്തിയിരിപ്പ് നടത്തിയ വിദ്യാർത്ഥികളുടെയും പുറത്ത് കൂടി നിന്നവരുടേയും പേരിൽ കേസെടുത്തിട്ടുണ്ട്. പ്രതികളിൽ 69 പേരെ അറസ്റ്റു ചെയ്യുകയുണ്ടായി. അനുരജ്ഞന സംഭാഷണത്തെ തുടർന്ന് സമരം ഒത്തുതീർപ്പായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എൽ) കൊല്ലം എസ്.എൻ.കോളേജ് സമരവുമായി ബന്ധപ്പെട്ട് മൊത്തം 14 കേസുകൾ എടുത്തിട്ടുണ്ട്. എസ്.എഫ്.ഐ-ക്കാർക്കെതിരെ 9 കേസുകളും കെ.എസ്.യു.ക്കാർക്ക് എതിരായി ഒന്നും എസ്.എഫ്.ഐ/സി.പി.എം/ഡി.വൈ.എഫ്.ഐ ക്കാർക്കെതിരെ ഒരു കേസും, എ.ഐ.എസ്.എഫ്./എ.ഐ.വൈ.എഫ്-ക്കാർക്കെതിരെ 2 കേസ്സും എസ്.എൻ.ഡി.പിക്കാർക്കെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എം) ഇപ്പോൾ പരിഗണനയിലില്ല.

'സാംക്രമികരോഗങ്ങൾ തടയാൻ നടപടി'

12(*8) ശ്രീ. വി. കെ ചന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കോളറ, ടൈഫോയിഡ്, എലിപ്പനി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് ഏതാനുംപേർ മരിക്കാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്ക പ്രദേശങ്ങളിലാണ് കോളറ ബാധയുണ്ടായതെന്നും രോഗികൾ മരിക്കാനിടയായതെന്നും വെളിപ്പെടുത്തുമോ ;

(സി) പകർച്ചവ്യാധിയെ തുടർന്ന് സംസ്ഥാനത്തൊട്ടാകെ ജാഗ്രത പുലർത്തേണ്ടതായ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മലിനജലം കെട്ടികിടക്കുന്നതും പഴകിയതും പൊട്ടിയതുമായ ജലസേചന പൈപ്പുകളിലൂടെ അണുക്കൾ ജനങ്ങളിൽ എത്തിച്ചേരുന്നത് ഒഴിവാക്കുന്നതിന് ജലസേചനവകുപ്പുമായി സംയോജിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ കണ്ടുപിടിക്കാനും പ്രതിരോധ നടപടികൾ ആസൂത്രണം ചെയ്യാനുമായി ഒരു സ്ഥാപനം തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്ഥാപിതമായ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ജി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധി ഫലപ്രദമായി തടയുന്നതിന് മുൻകരുതൽ നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly